## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5305

### 01-07-2019 - ലെ മറുപടിക്ക്

**മണലൂർ മണ്ഡലത്തിലെ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ**

| ചോദ്യം<br>**ശ്രീ.മുരളി പെരുനെല്ലി** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) 2017-18 ലെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 24.5.2018- ലെ 6/2408/2017 പ്രകാരം ഭരണാനുമതിയായെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി)പ്രസ്തുത പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; | പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ വിശദീകരണ പ്രകാരം മണലൂർ നിയോജകമണ്ഡലത്തിലെ **17** വിവിധ കേന്ദ്രങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മാണത്തിനായി സ്റ്റീൽ ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡ് എന്ന അക്രഡിറ്റഡ് ഏജൻസിയാണ് ഭരണാനുമതിയ്ക്കായി ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചതും ആയതിന്റെ അടിസ്ഥാനത്തിൽ **24.05.2018 –** ന് ഉത്തരവ് നം.ആർ.ഡി.**6/2048/2017** തീയതി **24.05.2018** പ്രകാരം ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുള്ളതും ടി പ്രവൃത്തിക്കായി **59.07** ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണാധികാരം പ്രോജക്ട് മാനേജർ, 'SILK' എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിൽ പ്രവൃത്തിയുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പായ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം നടത്തേണ്ടതും അക്രഡിറ്റഡ് ഏജൻസി സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അനുബന്ധ രേഖകളോടൊപ്പം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശ സഹിതം ധനകാര്യവകുപ്പിന് അംഗീകാരത്തിനായി അയക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയ്ക്കാവശ്യമായ തുക വകയിരുത്തിയിരിക്കുന്നത് 5475-00-800-91 project under LAC-ADS(NP) എന്ന ശീർഷകത്തിലായതിനാൽ പ്രസ്തുത ശീർഷകം പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ operating Head അല്ലാത്തതുകൊണ്ട് ബില്ല് payment നടത്താൻ സാധിക്കുന്നതല്ല എന്നും ആയതിനാൽ പ്രസ്തുത തുക പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ Deposit Head ആയ 8443-00-108-PW Deposit |

| | |
|---|---|
| | എന്ന ശീർഷകത്തിൽ DDO Code 130159C001 – ൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്നും ജില്ലാകളക്ടറെ അറിയിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ G.O(P)No.126/2017/Fin dated 25.09.2017 പ്രകാരം 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ബസ് ഷെൽട്ടറുകൾ സ്ഥിതി ചെയ്യുന്നസ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ ആയതിനാൽ അതിന്റെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് നടത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശമുള്ളതിനാൽ അക്രഡിറ്റഡ് ഏജൻസിയായ 'SILK' നൽകുന്ന ബില്ലുകൾ പരിശോധിച്ച് ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുകയോ ബില്ലുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| സി) അക്രഡിറ്റഡ് ഏജൻസികൾക്ക് നിർവ്വഹണ ചുമതലയും പൊതുമരാമത്ത് വകുപ്പിന് മേൽനോട്ട ചുമതലയും ഉള്ള പ്രവൃത്തികൾ ഏത് അക്കൗണ്ട് ശീർഷകത്തിൽ നിന്നുമാണ് വിനിയോഗിക്കേണ്ടത്; | **G.O(P)No.126/2017/Fin dated 25.09.2017** പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ **5475-00-800-91** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. |
| ഡി) മേൽ സൂചിപ്പിച്ച പ്രവൃത്തി പൊതുമരാമത്തിന്റെ മേൽനേട്ടത്തിൽ നടത്തുന്നതിന് പ്രസ്തുത വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡായ 8443-00-108 -PW Deposit എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്ന് തൃശ്ശൂർ ജില്ലാകളക്ടറെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | മേൽ സൂചിപ്പിച്ച പ്രവൃത്തി പൊതുമരാമത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിന് പ്രസ്തുത വകുപ്പിന്റെ ഡെപ്പോസിറ്റ് ഹെഡായ **8443-00-108 -PW Deposit** എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്ന് തൃശ്ശൂർ ജില്ലാകളക്ടറെ ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിട്ടില്ല. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പ്രസ്തുത വിവരം ജില്ലാകളക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ **G.O(P)No.126/2017/Fin dated 25.09.2017** പ്രകാരം **5475-00-800-91** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ബസ് ഷെൽട്ടറുകൾ സ്ഥിതി ചെയ്യുന്നസ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ ആയതിനാൽ അതിന്റെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് നടത്തേണ്ടതാണെന്നുമുള്ള സർക്കാർ നിർദ്ദേശമുള്ളതിനാൽ 'SILK' നൽകുന്ന ബില്ലുകൾ പരിശോധിച്ച് ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**